## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ : 418

27.06.2013- ൽ
മറുപടിക്ക്

# കയർ ഉൽപന്നങ്ങളുടെ വിപണി വിപുലീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അർ.സെൽവരാജ്<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, എ.പി.അബ്ദുള്ളക്കുട്ടി<br>,, ഡൊമിനിക് പ്രസന്റേഷൻ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) കയർ ഉൽപ്പന്നങ്ങളുടെ വിപണി വിപുലീകരിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ : വിശദമാക്കമോ : | (എ) കയറുല്പന്നങ്ങളുടെ വിപണി വിപുലീകരിക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്.<br>1. മാർക്കറ്റ് ഡെവലപ്പ്മെന്റ് അസിസ്റ്റൻസ് (എം.ഡി.എ) - കേന്ദ്രസർക്കാരുമായി ചേർന്ന് കയറുൽപ്പന്നമേഖലയ്ക്ക് എം.ഡി.എ നൽകുന്നു.<br>2. കയർപിരി മേഖലയ്ക്ക് ഉത്പ്പാദനവും വിപണന പ്രചോദന അസിസ്റ്റൻസ് (പി.എം.ഐ) നൽകുന്നു.<br>3. കേരള കയർ എന്ന ബ്രാന്റിലും, ഒരു വീട്ടിൽ ഒരു കയർ ഉത്പ്പന്നം എന്ന സ്ലോഗനിലും കയറുല്പന്നങ്ങളുടെ പ്രചരണത്തിനായി ദൃശ്യമാധ്യമങ്ങളിലൂടെ പരസ്യ പ്രചരണം നടത്തുന്നതിനുള്ള പദ്ധതി.<br>4. ആഭ്യന്തര/വിദേശ വിപണനങ്ങളിൽ കയറുൽപന്നങ്ങളുടെ വിപണനത്തിനായി വിവിധ എക്സിബിഷനുകളിൽ പങ്കെടുക്കുന്നതിനുള്ള പദ്ധതി.<br>5. കയറിന്റെയും പ്രകൃതിദത്തനാരുകളുടെയും 2011, 2012, 2013 വർഷങ്ങളിൽ - സംഘടിപ്പിച്ച അന്താരാഷ്ട്ര പ്രദർശന വിപണന മേളയായ "കയർ കേരള" |

| | |
|---|---|
| | കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളായ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോമിൽ, അപ്പക്സ് സംഘമായ കയർഫെഡ് എന്നിവരുടെ വിപണി വർദ്ധിപ്പിക്കുന്നതിനായുള്ള അവരുടേതായ പരസ്യ പ്രചരണ പദ്ധതികളുമുണ്ട്. |
| (ബി)പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാം: വിശദാംശങ്ങൾ എന്തെല്ലാം : | (ബി)ഈ പദ്ധതികളെല്ലാംകൊണ്ട് താഴെ പറയുന്ന ലക്ഷ്യങ്ങൾ നേടുന്നതിന് പരിശ്രമിച്ച് വരുന്നു.<br>1. "കേരള കയർ" എന്ന ബ്രാന്റ് ആഭ്യന്തര വിദേശ വിപണികളിൽ വളർത്തിയെടു - ക്കുക, കയറിനെ ഒരു പ്രകൃതി സൗഹൃദ ഉത്പന്നമായി ഉയർത്തിപ്പിടിക്കുക.<br>2. കയർ ഉത്പന്നങ്ങളെ ഉപഭോക്താക്കൾക്ക് - സ്വദേശത്തും വിദേശത്തും നേരിട്ട് പരിചയപ്പെടുത്തുക.<br>3. കയറിന്റെയും കയർ ഉത്പന്നങ്ങളുടെ ഉപ - ഭോക്താക്കളെ കയറുല്പന്നങ്ങൾ നിർമ്മിക്കുന്ന ആലപ്പുഴയിലേക്ക് ക്ഷണിച്ച് കയർ ഉത്പന്നങ്ങളെയും അതിന്റെ നിർ- മ്മാണ രീതിയേയും കുറിച്ച് പരിചയപ്പെടുത്തി കൂടുതൽ സ്വദേശ- വിദേശ വിണപനത്തിന് - സാദ്ധ്യതയൊരുക്കുക.<br>4. പരമ്പരാഗത രീതിയിൽ അല്ലാതെയുള്ള കയറിന്റെയും കയർ നാരിന്റെയും ഉപയോഗം ഉപഭോക്താക്കൾക്ക് പരിചയപ്പെടുത്തുക.<br>5. ഈ മാർഗ്ഗങ്ങളിലൂടെ കയറിന്റെയും കയറുല്പന്നങ്ങളുടെയും വിപണി ശക്തിപ്പെടുത്തുകയും കൂടുതൽ വിപണി കണ്ടെത്തുകയും ചെയ്യുക. |
| സി) ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നത്? വിശദമാക്കുമോ: | സി) സർക്കാർ സ്ഥാപനങ്ങൾ, മറ്റു സംസ്ഥാനേതര ഏജൻസികൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, കയർ മേഖലയിലെ സ്ഥാപനങ്ങൾ എന്നീ ഏജൻസികൾ ഇത്തരം പദ്ധതികളുമായി സഹകരിക്കുന്നുണ്ട്. |

| | |
|---|---|
| ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ? വിശദാംശങ്ങൾ എന്തെല്ലാം ? | 1. കയർമേഖലയുടെ സമഗ്ര വികസനത്തിനായി വിപണി ശക്തിപ്പെടുത്തുക, മേഖലയിലെ പ്രവർത്തനങ്ങൾ പ്രചരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വിപണനം, പരസ്യവും പ്രചരണവും, വ്യാപാര പ്രദർശനങ്ങൾ മുതലായവയ്ക്കും, ഷോറൂമുകൾ സ്ഥാപിക്കുന്നതിനുള്ള ധനസഹായം (Marketing, Publicity, Propaganda, Trade exhibition) എന്ന ശീർഷകത്തിൽ 2011-12-ൽ 350.00 ലക്ഷം രൂപയും 2012-13 ൽ 430.00 ലക്ഷം രൂപയും ബഡ്ജറ്റിൽ വകയിരുത്തി•വിവിധ വിപണന പ്രോത്സാഹന പദ്ധതികൾക്കായി ഈ തുക വിനിയോഗിച്ചു.<br><br>2. കയറിന്റെയും കയർ ഉത്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം (Market Development Assistance MDA)എന്ന ഇനത്തിൽ 2011-12 ൽ 600 ലക്ഷം രൂപയും, 2012-13 ൽ 800 ലക്ഷം രൂപയും ബഡ്ജറ്റിൽ വകയിരുത്തി വിവിധ സ്ഥാപനങ്ങൾക്ക് നൽകി. ഈ ആവശ്യത്തിലേയ്ക്കായി 2013-14 ൽ 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>3. കയർമേഖലയിൽ കയർ ഉത്പന്നങ്ങളുടെ സ്ഥിരമായ ഉത്പാദനം നിലനിർത്തുന്നതിനെ പ്രോത്സാഹിപ്പിക്കുന്നതിനായി ഉത്പാദനവും വിപണന പ്രചോദനവും (Production & Marketing Incentive PMI)എന്ന ഇനത്തിൽ 2011-12, 2012-13 എന്നീ വർഷങ്ങളിൽ 300 ലക്ഷം രൂപ വീതം വിനിയോഗിച്ചിട്ടുണ്ട്. കൂടാതെ ഈ സാമ്പത്തികവർഷം 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>4. പൊതുമേഖലാ സ്ഥാപനങ്ങളായ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോമിൽ അപെക്സ് സംഘമായ കയർഫെഡ് എന്നിവ താഴെപ്പറയുന്ന നടപടികൾ എടുത്തിട്ടുണ്ട്.<br><br>a. കയർഭൂവസ്ത്രത്തിന്റെ പ്രചാരണം, പ്രത്യേകിച്ച് പഞ്ചായത്തുകളിൽ ഇത് |

| | |
|---|---|
| | ഉപയോഗിക്കുന്നതിനുള്ള നടപടികൾ.<br>b. കയർ ഉത്പന്നങ്ങൾ ആശുപത്രികൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവ വഴി വിൽപ്പനയ്ക്കുള്ള നടപടികൾ<br>c. വൈവിദ്ധ്യമാർന്ന പുതിയ കയർ ഉത്പന്നങ്ങളുടെ നിർമ്മാണവും, അതിന്റെ പ്രചാരണവും നടത്തുന്നു.<br><br>5. കയർ കേരള 2011, 2012, 2013 വർഷങ്ങളിൽ - സംഘടിപ്പിച്ചു. പല എക്സിബിഷനുകളിലും പങ്കെടുത്തു. ഇതിന്റെയൊക്കെ പരിണതഫലമായി കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോമിൽ ഉൾപ്പെടെയുള്ളവരുടെ കയറ്റുമതിയിൽ ഗണ്യമായി വർദ്ധനയുണ്ടായി. രണ്ടു പ്രാഥമിക സഹകരണ - സംഘങ്ങൾക്ക് ഉൽപന്നങ്ങൾ കയറ്റുമതി ചെയ്യാനായി. |

Kumari [signature]
സെക്ഷൻ ഓഫീസർ